തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി

161(2199) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കണ്ണൂർ 430 കിലോമീറ്റർ അതിവേഗ റെയിൽ ഇടനാഴിയുടെ സാദ്ധ്യതാ പഠനം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ജനസാന്ദ്രത കൂടിയ കേരളത്തിൽ ഈ പദ്ധതി വിജയപ്രദമാണോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി ഉൾപ്പെടുന്ന തിരുവനന്തപുരം - കാസർഗോഡ് അതിവേഗ റെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ DMRC മുഖേന നടത്തി വരുന്നു.

(ബി) DMRC സമർപ്പിച്ചിട്ടുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം കേരളത്തില ഈ പദ്ധതി പരിസ്ഥിതി സൗഹാർദ്ദപരവും കാര്യക്ഷമവും സുരക്ഷിതവുമായ ഒരു യാത്രാ മാർഗ്ഗമാണെന്ന് കണക്കാക്കുന്നു.

ധാതുമണൽ സമ്പത്ത്

162(2200) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുമണൽ സമ്പത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ധാതുമണൽ ഓഡിറ്റിംഗ് സംവിധാനം നിലവിലുണ്ടോ;

(ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ധാതുമണൽ അനധികൃതമായി കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കാറുണ്ടോ എന്നറിയിക്കുമോ;

GPM. 2/243/2020-34

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ധാതുമണൽ സമ്പത്ത് സംരക്ഷിക്കുന്നതിനും വ്യാവസായികമായ ആവശ്യങ്ങൾക്ക് പരമാവധി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് എനർജിയുടെ കീഴിലുള്ള അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലോറേഷൻ ആന്റ് റിസർച്ച് സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ ധാതുമണൽ സമ്പത്തിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാർ മൂന്ന് സമിതികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. ഓരോ കമ്മിറ്റിയും സമർപ്പിച്ച ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു:

സർവ്വശ്രീ ടി. എം. മഹാദേവൻ, കെ. കൃഷ്ണൻ ഉണ്ണി, ആർ. ആർ. നായർ എന്നിവരുൾപ്പെട്ട വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ.

1. കടൽ തീരങ്ങളിൽ കാലവർഷത്തെ തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരി തലത്തിൽനിന്നും അര മീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.

2. കായംകുളം - ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽ കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്നു മാത്രമേ ധാതുമണൽ ശേഖരം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ്-കോൺസൺട്രേറ്റിംഗ് മെഷനറി ഉപയോഗിക്കണം.

3. കായംകുളം പൊഴി, കായൽ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. ത്രിവിക്രമജി, ഡോ. സി. ജി. നമ്പ്യാർ, ശ്രീ. എൻ. കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ

1. ഖനനം പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.

2. വ്യക്തമായ മുൻകൂട്ടി നിശ്ചയിച്ച പദ്ധതികളിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പടെയുള്ള ഖനന പ്രക്രിയകൾ നടത്താവൂ.

ജസ്റ്റിസ് കെ. ജോൺ മാത്യു, ഡോ. കെ. കെ. ദിവേദി, ശ്രീ. ബി. സി.പോഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്തഭാഗങ്ങൾ

1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്കാപിംഗ് രീതി അനുവർത്തിച്ചുകൊണ്ട് 30 സെ. മീറ്റർ ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറുസെക്ടറുകളായി തിരിച്ച് ഡ്രഡ്ജിംഗ് നടത്താവുന്നതാണ്.

2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പക്ഷം യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ കൂട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്. ടി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് നിലവിൽ കരിമണൽ ഖനനം നടക്കുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്തിനുമാണ് തീരപ്രദേശത്ത് ഖനനാനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ ധാതുമണൽ ശേഖരത്തിന്റെ ചെറിയ ഒരളവ് മാത്രമേ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ സാധിക്കുന്നുള്ളൂ. വിവിധ പ്രാദേശിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾമൂലമാണ് പൂർണ്ണതോതിലുള്ള ധാതുമണൽ ശേഖരം നടക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്

ധാതുമണൽ സമ്പത്തിന്റെ വ്യാപ്തി, അവ ഉപയോഗപ്പെടുത്തുന്നതിനായുള്ള സാധ്യതയെയും പറ്റി പഠനം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ.) അവരുടെ മിനറൽ സെപറേഷൻ പ്ളാന്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു. മൈനിംഗ് ലീസ് ഉള്ള വിവിധ പ്രദേശങ്ങളിലെ ഭൂമി ഐ.ആർ.ഇ.എൽ. വിലയ്ക്ക് വാങ്ങിക്കൊണ്ടിരിക്കുന്നു. ധാതുമണൽ ഓഡിറ്റിംഗ് സംവിധാനം നിലവിലില്ല.

(ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് സ്വകാര്യ ഏജൻസികൾക്കൊന്നും തന്നെ ഈ സർക്കാർ ഖനനാനുമതി നൽകിയിട്ടില്ല.

(സി) അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നുവെന്ന് പത്രവാർത്തകൾ വന്നതിനെ തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരെ വിവരം അറിയിക്കുകയും ധാതു കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത ധാതുമണൽ കടത്ത് തടയുന്നതിനായി കരുനാഗപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ്, ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ് എന്നിവ നിലവിലുണ്ട്. കൂടാതെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ദക്ഷിണ മേഖല മിനറൽ സ്ക്വാഡ്, കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഈ സ്ഥലത്ത് പോലീസ് പട്രോളിംഗ് നടത്തിവരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ നടപടികൾ പര്യാപ്തമാണ്. എന്നിരുന്നാലും റവന്യൂ വകുപ്പ്, പോലീസ് വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നിവരടങ്ങുന്ന സംയുക്ത പട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകര വരെയുള്ള തീരപ്രദേശത്ത് കോസ്റ്റൽ പോലീസിനെ കൊണ്ട് പട്രോളിംഗ് നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.